## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4303

03.02.2014 ൽ മറുപടിക്ക്

### മാലിന്യപ്രശ്നവും വിനോദസഞ്ചാരവും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**<br>**ശ്രീ. സി.മമ്മൂട്ടി**<br>**ശ്രീ. എം.ഉമ്മർ**<br>**ശ്രീ. പി.ഉബൈദുള്ള** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) മാലിന്യപ്രശ്നം വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) അതു പരിഹരിക്കാൻ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വ്യക്തമാക്കുമോ; | ബി) മാലിന്യ പ്രശ്നം ടൂറിസം മേഖലയെ ബാധിക്കാതിരിക്കാൻ വേണ്ടി സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ശുചിത്വമിഷൻ, ടൂറിസം ട്രേഡ്, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി ചേർന്ന് ശുചീകരണ പരിപാടികൾ ഏറ്റെടുത്തു നടത്തി വരുന്നു. 71 കേന്ദ്രങ്ങളിൽ സ്ഥിരമായ ശുചീകരണ നടപടികൾ തുടരുന്നുണ്ട്. കോവളം കുമരകം കുമ്പളങ്ങി, വർക്കല, മൂന്നാർ, ദേവികുളം, വൈത്തിരി തുടങ്ങിയ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ആലപ്പുഴ കായലോര വികസന |

...2

പദ്ധതിയിൽ തന്നെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ ജലമലിനീകരണം തടയുന്നതിനായി ഹൗസ്ബോട്ടുകളിൽ നിന്നും മാലിന്യം ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി ഫ്ളോട്ടിംഗ് ക്രാഫ്റ്റ് നിർമ്മിക്കുന്നതിന് കോട്ടയത്ത് കുമരകം കേന്ദ്രമാക്കി പദ്ധതി ആവിഷ്ക്കരിച്ച് വരുന്നു. പുന്നമടയിലും കുമരകത്തും ജലാശയങ്ങളിലെയും കായലോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാരികളെത്തുന്ന ബസ് സ്റ്റാന്റുകൾ, ബോട്ട് ജെട്ടികൾ, റയിൽവേ സ്റ്റേഷൻ പരിസരങ്ങൾ, ട്രെക്കിംഗ് പാതകൾ എന്നിവിടങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും, ആകർഷകമാക്കുന്നതിനും ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ സമഗ്രപദ്ധതി തയ്യാറാക്കി നടപ്പാക്കുമോ ?

(സി) ബസ് സ്റ്റാന്റുകൾ, ബോട്ട് ജട്ടികൾ, റയിൽവേ സ്റ്റേഷൻ പരിസരങ്ങൾ, ട്രെക്കിംഗ് പാതകൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നത് കെ.എസ്.ആർ.ടി.സി, റെയിൽവേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട ടൂറിസ്റ്റുകളുടെ പരാതി പരിഹരിക്കുന്നതിനായി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിയന്തിര ശുചിത്വ പരിപാലനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**